# ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ കാര്യാലയം
## തൈക്കാട്, തിരുവനന്തപുരം-14.

വെബ്സൈറ്റ്: www.ims.kerala.gov.in ഫോൺ നം- 0471-2323960

ഇ-മെയിൽ : director.ims@kerala.gov.in,cru.ims@kerala.gov.in

## ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം :- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് -ജീവനക്കാര്യം-ഡോ. അബ്ദുൾ സത്താർ സി.എച്ച്-അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ. ആശുപത്രി തോട്ടട -പരിവീക്ഷാകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:-

1) കേരള പി.എസ്.സി യുടെ RIE(2) 9190/2011/GW നമ്പർ നിയമന ശുപാർശ തീയതി: 16.10.2017
2) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ ഇ1-21042/2017/ഡി.ഐ.എം.എസ് നമ്പർ നിയമന ഉത്തരവ് തീയതി: 25.05.2020
3) സ.ഉ.(സാധാ) നം. 738/2021/തൊഴിൽ തിരുവനന്തപുരം നമ്പർ സർക്കാർ ഉത്തരവ് തീയതി : 17.06.2021
4) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്ഡയറക്ടറുടെ ഇ1-21042/2017/ഡി.ഐ.എം.എസ് നമ്പർ ഉത്തരവ് തീയതി: 15.01.2022
5) അക്കൌണ്ടന്റ് ജനറൽ കേരളയുടെ GE03/A/A2372/000417 നമ്പർ കത്ത് തീയതി: 05.08.2024

## ഉത്തരവ് നമ്പർ –ഇ1-2574/2024/ ഡി ഐ എം എസ് തീയതി:25-09-2024

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലേയ്ക്ക് പരാമർശം (1) പ്രകാരം കേരള പി.എസ്.സി നിയമന ശുപാർശ നൽകിയ ഡോ. അബ്ദുൾ സത്താർ സി. എച്ച്. -നെ പരാമർശം (2) പ്രകാരം പ്രകാരം അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിൽ നിയമിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൻ 04.06.2020 തീയതി പൂർവ്വാഹ്നം തോട്ടട ഇ.എസ്.ഐ. ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചു. 03.10.2020 മുതൽ 30.09.2021 തീയതി വരെ ഉപരി പഠനത്തിനായി ശൂന്യവേതനാവധിയിൽ പ്രവേശിച്ചതിനാൽ ടി അവധി കെ.എസ്.ആർ. ഭാഗം I അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം (3) പ്രകാരം സർക്കാർ അനുവദിച്ച് ഉത്തരവായിട്ടുണ്ട് . ജോലിയിൽ പ്രവേശിച്ച തീയതി പൂർവാഹ്നം പ്രാബല്യത്തിൽ ടിയാളുടെ നിയമനം പരാമർശം (4) പ്രകാരം ക്രമവത്കരിച്ചിട്ടുണ്ട്. പഠനാവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിച്ച തീയതിയായ 01.10.2021 തീയതിയിലാണ് ടിയാളുടെ പരിവീക്ഷാകാലം ആരംഭിക്കുന്നത്. ടിയാൻ പരിവീക്ഷാകാലയളവ് പൂർത്തീകരിക്കേണ്ടിയിരുന്നത് 30.09.2023 തീയതിയിലായിരുന്നു. എന്നാൽ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനാവശ്യമായ നിർബന്ധിത വകുപ്പുതല പരീക്ഷ പാസ്സായത് 21.11.2023 ലാണ്. ടിയാൻ പരിവീക്ഷാകാലയളവിനെ ബാധിക്കുന്ന തരത്തിലുള്ള അവധിയൊന്നും എടുത്തിട്ടില്ലെന്ന് പരാമർശം (5) പ്രകാരം അക്കൌണ്ടന്റ് ജനറൽ അറിയിച്ചിട്ടുണ്ട്. ടി കാലയളവിൽ ടിയാന്റെ പ്രവൃത്തിയും സ്വഭാവവും തൃപ്തികരമാണ്. ടിയാനെതിരെ അച്ചടക്കനടപടി നിലവിലില്ല.

പ്രസ്തുത സാഹചര്യത്തിൽ ഡോ. അബ്ദുൾ സത്താർ സി.എച്ച്-ന്റെ , അസിസ്റ്റന്റ് ഇൻഷുറൻ മെഡിക്കൽ ഓഫീസർ തസ്തികയിലെ പരിവീക്ഷാകാലം കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് ചട്ടങ്ങളിലെ ഭാഗം II ചട്ടം 21 പ്രകാരം 01.10.2023 മുതൽ 23.11.2023 തീയതി അപരാഹ്നം വരെ ദീർഘിപ്പിച്ചുകൊണ്ടും അസിസ്റ്റന്റ് ഇൻഷുറൻ മെഡിക്കൽ ഓഫീസർ തസ്തികയിലെ പരിവീക്ഷാകാലം 22.11.2023 തീയതി പൂർവാഹ്നം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

Signed by
Joan Karen Meyn
Date: 25-09-2024 17:03:23

**ഡോ.JOAN KAREN MEYN**

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ (ഇൻ-ചാർജ്)**

സ്വീകർത്താവ്

ഡോ. അബ്ദുൾ സത്താർ.സി.എച്ച്
അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ,
ഇ.എസ്.ഐ. ആശുപത്രി തോട്ടട
(സൂപ്രണ്ട് മുഖേന)

പകർപ്പ്:-

1) അക്കൌണ്ടന്റ് ജനറൽ കേരള തിരവനന്തപുരം
2) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഉത്തരമേഖല കോഴിക്കോട്
3) സൂപ്രണ്ട് ഇ.എസ്.ഐ. ആശുപത്രി തോട്ടട
4) ഫയൽ/സ്റ്റോക്ക് ഫയൽ